**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2111 — 11.02.2020 ൽ മറുപടിക്ക്

## കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എം. നൗഷാദ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ആരോഗ്യ പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പരാതി പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | (എ), (ബി) & (സി) | നിലവിൽ RSBY, CHIS പദ്ധതിയിൽ അംഗമായിട്ടുള്ളവർക്കും 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം ദുർബല വിഭാഗമായി കണക്കാക്കിയ എല്ലാവർക്കും 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സൗജന്യ ചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ട്. RSBY/ചിസ് പദ്ധതികളിൽ അംഗങ്ങളല്ലാത്തവരും രജിസ്ട്രേഷൻ പുതുക്കാത്തവർക്കും അർഹത നോക്കി പദ്ധതി ആനുകൂല്യം നൽകുന്നതിനായി അംഗങ്ങളാക്കുന്ന കാര്യം പ്രത്യേകം പരിശോധിച്ചു വരുന്നുണ്ട്. |
| (ബി) | നിലവിൽ ചിസ് പദ്ധതി പ്രകാരം ഹെൽത്ത് ഇൻഷുറൻസ് കാർഡ് ഉള്ളവർക്ക് മാത്രമേ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളു എന്ന പ്രചരണത്തിൽ എന്തെങ്കിലും വസ്തുത ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | | |
| (സി) | നിലവിൽ ചിസ് പദ്ധതിയിൽ അംഗങ്ങളല്ലാത്തവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ? | | |

Hari
സെക്ഷൻ ഓഫീസർ